# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/50/2018 2018 മാർച്ച് 7

## പത്രക്കുറിപ്പ്

### ഓഫ് കാമ്പസ് പരീക്ഷ: അപേക്ഷാ തീയതി

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തുന്ന ഓഫ് കാമ്പസ് പി.ജി./യു.ജി. സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. എം.എ. ഇംഗ്ലീഷ്, സോഷ്യോളജി, മൾട്ടിമീഡിയ, എം.എസ്.സി. മാത്തമാറ്റിക്സ്, ഇൻഫർമേഷൻ ടെക്നോളജി, എം.സി.എ., എം.കോം, എം.ബി.എ., എൽ.എൽ.എം. എന്നീ പി.ജി. കോഴ്സുകളുടെയും ബി.ബി.എ., ബി.സി.എ., ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.എഫ്.ടി./ബി.എസ്.സി. അപ്പാരൽ ഡിസൈൻ ആന്റ് ഫാഷൻ ടെക്നോളജി, ബി.ടി.എസ്., ബി.കോം, ബി.എ. അനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, ബി.എൽ.ഐ.എസ്.സി., ബി.എ. സോഷ്യോളജി എന്നീ യു.ജി. കോഴ്സുകളുടെയും ഓഫ് കാമ്പസ് പരീക്ഷകൾക്കാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. മേഴ്സി ചാൻസ് പരീക്ഷകൾക്ക് ആദ്യമായി അപേക്ഷിക്കുന്നവർ 5000 രൂപയും രണ്ടാം പ്രാവശ്യം അപേക്ഷിക്കുന്നവർ 7000 രൂപയും മൂന്നാമത് അപേക്ഷിക്കുന്നവർ 10000 രൂപയും സ്പെഷ്യൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. അപേക്ഷാ ഫോമുകൾ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയും ഫീസ് ഓൺലൈനായി അടയ്ക്കുകയും പൂരിപ്പിച്ച അപേക്ഷകൾ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ XVIന് നേരിട്ട് സമർപ്പിക്കുകയും ചെയ്യണം. പരീക്ഷാ തീയതി പിന്നീട് പ്രഖ്യാപിക്കും. വിശദമായ വിജ്ഞാപനം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ എം.എച്ച്.എ./എം.പി.എച്ച്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 23ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 9 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും.

### പ്രാക്ടിക്കൽ

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ ആന്റ് ബി.എഫ്.റ്റി. (സി.ബി.സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ & 2013 - 2016 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 8 മുതൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (നോൺ സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 20 വരെ അപേക്ഷിക്കാം.

### സഹകരണ ബാങ്ക് ക്ലർക്ക് പരീക്ഷാ പരിശീലനം

സഹകരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് മെയ് മാസം നടത്തുന്ന മത്സര പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സർവ്വകലാശാലാ കാമ്പസിൽ വച്ച് നടത്തും. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**<u>എം.ജി.യിൽ ജൂനിയർ റിസർച്ച് ഫെലോ ഒഴിവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നാനോ സയൻസ് പഠനകേന്ദ്രത്തിൽ ഡി.എസ്.റ്റി.യുടെ ധനസഹായത്തോടെയുള്ള പ്രോജക്റ്റിൽ, കരാർ അടിസ്ഥാനത്തിൽ രണ്ട് ജൂനിയർ റിസർച്ച് ഫെലോയുടെ ഒഴിവുണ്ട്. പ്രോജക്റ്റ് കാലാവധി രണ്ടു വർഷമാണ്. ഒന്നാം ക്ലാസ്സ് അഥവാ തത്തുല്യ ഗ്രേഡിൽ ഫിസിക്സ്/കെമിസ്ട്രി/നാനോ സയൻസ്/മറ്റീരിയൽ സയൻസിൽ എം.എസ്.സി.യോ, നാനോ ടെക്നോളജി/മറ്റീരിയൽ സയൻസ്/പോളിമർ ടെക്നോളജിയിൽ എം.ടെക് ബിരുദമോ ആണ് യോഗ്യത. നെറ്റ്/ഗേറ്റ് യോഗ്യതയും ഗവേഷണ അഭിരുചിയും അഭിലഷണീയം. പ്രതിമാസം 25000 രൂപയും പുറമെ വീട്ടുവാടക, മെഡിക്കൽ അലവൻസുകളും ലഭിക്കും. വിശദമായ ബയോഡാറ്റയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതമുള്ള അപേക്ഷകൾ, ഡോ. നന്ദകുമാർ കളരിക്കൽ, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, ഡി.എസ്.റ്റി. - നാനോമിഷൻ പ്രോജക്റ്റ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്/ഐ.ഐ.യു.സി.എൻ.എൻ., മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ മാർച്ച് 15നകം സമർപ്പിക്കണം. ഇമെയിലായി nkkalarikkal@mgu.ac.in എന്ന വിലാസത്തിലും അയയ്ക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**